## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 55

19.03.2013-ലെ മറുപടിയ്ക്ക്

## ഫ്ലോട്ടിംഗ് ത്രിവേണി സൂപ്പർ സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>,, സണ്ണി ജോസഫ്<br>,, വി.പി.സജീന്ദ്രൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) ഫ്ലോട്ടിംഗ് ത്രിവേണി സൂപ്പർ സ്റ്റോറുകളുടെ സേവനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശം എന്തെല്ലാം; | (എ) കൺസ്യൂമർ ഫെഡറേഷന്റെ എല്ലാ ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകളിലൂടെയും കാര്യക്ഷമമായ സേവനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ഫ്ലോട്ടിംഗ് ത്രിവേണികളുടെ പ്രവർത്തന പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലെ ജനപ്രതിനിധികൾ, പഞ്ചായത്ത് അധികാരികൾ, ഉപഭോക്തൃ പ്രതിനിധികൾ, സാമൂഹ്യ ക്ഷേമ പ്രവർത്തകർ, കൺസ്യൂമർ ഫോറം പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചിച്ച് ഫ്ലോട്ടിംഗ് ത്രിവേണികളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

(ബി) പ്രസ്തുത സ്റ്റോറുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു:-

| ക്രമ നം. | ഫ്ലോട്ടിംഗ് ത്രിവേണി പ്രവർത്തിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| 1 | കുട്ടനാട് | ആലപ്പുഴ |
| 2 | അപ്പർ കുട്ടനാട് | ആലപ്പുഴ |
| 3 | കുണ്ടറ | കൊല്ലം |
| 4 | പനങ്ങാട് | എറണാകുളം |
| 5 | ഹരിപ്പാട് | ആലപ്പുഴ |
| 6 | പുതുപ്പള്ളി | കോട്ടയം |
| 7 | ചവറ | കൊല്ലം |

(സി) എന്തെല്ലാം സബ്സിഡി സൗകര്യങ്ങളാണ് ഉപഭോക്താക്കൾക്ക് പ്രസ്തുത സ്റ്റോറുകൾ വഴി ലഭിക്കുന്നത്;

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉൽസവ കാലങ്ങളോടനുബന്ധിച്ച് സഹകരണ മേഖലയിൽ നടത്തിവരുന്ന സബ്സിഡി വിപണനത്തിന്റെ ആനുകൂല്യങ്ങൾ ഫെഡറേഷന്റെ മറ്റ് ത്രിവേണി യൂണിറ്റുകളിലെന്ന പോലെ ഫ്ലോട്ടിംഗ് ത്രിവേണി യൂണിറ്റുകളിലും ലഭ്യമാണ്. ഇതിനു പുറമേ നന്മ സ്റ്റോറുകൾ മുഖാന്തിരം വിൽപ്പന നടത്തുന്ന 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയെക്കാൾ ശരാശരി 20% വിലക്കുറവിൽ ഫ്ലോട്ടിംഗ് ത്രിവേണികളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ഡി) തീരപ്രദേശങ്ങളിലുള്ളവർക്കും ജലമാർഗ്ഗങ്ങളെ ആശ്രയിക്കുന്നവർക്കും പ്രസ്തുത സൗകര്യം ലഭിക്കുന്നതിന് അവസരം

(ഡി) & (ഇ) തീരപ്രദേശങ്ങളിൽപ്പെട്ടതും വെള്ളത്താൽ ചുറ്റപ്പെട്ടതും, കരമാർഗ്ഗമുള്ള സഞ്ചാര സൗകര്യവും ഷോപ്പിംഗ് സൗകര്യവും കുറവുള്ളതുമായ പ്രദേശങ്ങളിലുള്ളവർക്കും സാധനങ്ങൾ

ഒരുക്കുമോ;
വിശദാംശങ്ങളെന്തെല്ലാം;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വാങ്ങുന്നതിന് ജലമാർഗ്ഗങ്ങളെ ആശ്രയിക്കുന്നവർക്കും പ്രയോജനപ്പെടുന്നതിനാണ് കൺസ്യൂമർഫെഡ് ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഫ്ലോട്ടിംഗ് ത്രിവേണികളെല്ലാം തന്നെ ഇത്തരം സ്ഥലങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. ഏഴ് സ്ഥലങ്ങളിൽ ഫ്ലോട്ടിംഗ് ത്രിവേണികൾ ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിലുൾപ്പെടെ ഇത്തരം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിലേക്കായി മൂന്ന് ഫ്ലോട്ടിംഗ് ത്രിവേണികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ